(ബി) അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു.

(സി) അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു.

(ഡി) അനുബന്ധമായി രേഖപ്പെടുത്തിയിരിക്കുന്നു.

മന്ത്രിമാരുടെ വിദേശയാത്ര

5 [5] *ശ്രീ. ടി. പി. രാമകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് മാസം 31 വരെ സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഇതിനായി ഓരോ മന്ത്രിമാർക്കുംവേണ്ടി ചെലവഴിച്ച തുക എത്രവീതമെന്ന് വ്യക്തമാക്കുമോ;

(സി) മന്ത്രിമാരെ അനുഗമിച്ച് ഏതെല്ലാം ഉദ്യോഗസ്ഥൻമാരാണ് വിദേശയാത്ര നടത്തിയത്;

(ഡി) ഇതിനായി ഓരോ ഉദ്യോഗസ്ഥർക്കും വേണ്ടി ചെലവഴിച്ച തുക എത്ര വീതമെന്ന് അറിയിക്കാമോ;

(ഇ) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് മന്ത്രിമാർ വിദേശയാത്ര നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) 2004 ആഗസ്റ്റ് 31-നുശേഷം സംസ്ഥാന മന്ത്രിസഭയിലെ ഏതെല്ലാം അംഗങ്ങൾ വിദേശയാത്ര നടത്തിയിട്ടുണ്ടെന്നും ഇതിനായി ഓരോരുത്തർക്കുംവേണ്ടി ചെലവഴിച്ച തുക എത്രവീതമാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ പര്യടനം നടത്തിയ മന്ത്രിമാരുടെ വിവരം അനുബന്ധം V (എ) യിൽ ചേർത്തിട്ടുണ്ട്. †

(ബി)—(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിശദ വിവരം അനുബന്ധം V (ബി) യിൽ ചേർത്തിട്ടുണ്ട്.

(എഫ്) 2004 ഓഗസ്റ്റ് 31-നുശേഷം വിദേശയാത്ര നടത്തിയിട്ടുള്ള മന്ത്രിമാരുടെ വിശദാംശം അനുബന്ധം V (സി)യിൽ ചേർത്തിട്ടുണ്ട്. ചെലവഴിച്ച തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

---

†അനുബന്ധം IV

†അനുബന്ധം V (എ), V(ബി) & V(സി).

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[1-12-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5 (5) ദയവായി കാണുക]

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് 31-ാം തീയതി വരെ വിദേശപര്യടനം നടത്തിയ മന്ത്രിമാർ

1. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി
2. ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പുമന്ത്രി
3. ശ്രീ. ആർ. ബാലകൃഷ്ണപിള്ള, ഗതാഗത വകുപ്പുമന്ത്രി (സ്വകാര്യ സന്ദർശനം മാത്രം)
4. ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി (സ്വകാര്യ സന്ദർശനംമാത്രം)
5. ശ്രീ. കെ. സുധാകരൻ, വനവും സ്പോർട്സും വകുപ്പുമന്ത്രി
6. ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പുമന്ത്രി
7. ശ്രീ. നാലകത്തു സൂപ്പി, വിദ്യാഭ്യാസ വകുപ്പുമന്ത്രി
8. ശ്രീ. ജി. കാർത്തികേയൻ, ഭക്ഷ്യ, സാംസ്കാരിക, ദേവസ്വം വകുപ്പുമന്ത്രി
9. ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി
10. ശ്രീ. കടവൂർ ശിവദാസൻ, വൈദ്യുതി വകുപ്പുമന്ത്രി
11. ശ്രീ. ചെർക്കളം അബ്ദുള്ള, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി
12. ഡോ. എം. കെ. മുനീർ, പൊതുമരാമത്തു വകുപ്പുമന്ത്രി
13. ശ്രീ. എം. എം. ഹസ്സൻ, ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി
14. ശ്രീ. കെ. വി. തോമസ്, ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ, കൃഷിയും കയറും വകുപ്പുമന്ത്രി
16. ശ്രീ. കെ. ബി. ഗണേഷ് കുമാർ, മുൻ ഗതാഗത വകുപ്പുമന്ത്രി (സ്വകാര്യ സന്ദർശനം മാത്രം)
17. ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (എ)

വിദേശയാത്രയുടെ വിശദവിവരം

മന്ത്രിയുടെ പേര്	സന്ദർശിച്ച രാജ്യങ്ങൾ	സന്ദർശന ഉദ്ദേശ്യം
ശ്രീ. പി കെ. കുഞ്ഞാലിക്കുട്ടി, വ്യവസായവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി	വിവരം ശേഖരിച്ചു വരുന്നു	വിവരം ശേഖരിച്ചു വരുന്നു
ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പുമന്ത്രി	ഹോങ്കോംഗ്, ചൈന, തായ്‌ലന്റ്, യു. എ.ഇ., ബഹറിൻ, ദോഹ, ഒമാൻ, ഇംഗ്ലണ്ട്	അടിസ്ഥാന സൗകര്യ വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയെ ആസ്പദമാക്കി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൗസിംഗ് സ്റ്റഡീസിന്റേയും ഹഡ്കോയുടേയും ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ശിൽപശാലയിൽ പങ്കെടുക്കുന്നതിന് ഹോങ്കോംഗ്, ചൈന, തായ്‌ലന്റ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. തുറമുഖ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുവാൻവേണ്ടി യു. എ. ഇ., ബഹറിൻ, ദോഹ, ഒമാൻ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ഗ്ലോബൽ കേരള ഫെസ്റ്റിവലിനോടനുബന്ധിച്ചു നടന്ന സഹകരണ പ്രസ്ഥാനത്തിന്റെ 100-ാം വാർഷികത്തിന്റെ സെമിനാർ ഉദ്ഘാടനം ചെയ്യുവാൻ ഇംഗ്ലണ്ട് സന്ദർശിച്ചു.
ശ്രീ. ആർ. ബാലകൃഷ്ണ പിള്ള, ഗതാഗത വകുപ്പു മന്ത്രി	സ്പെയിൻ	സ്വകാര്യ സന്ദർശനം
ശ്രീ. ടി. എം. ജേക്കബ്, ജലവിഭവ വകുപ്പുമന്ത്രി	മാലി	സ്വകാര്യ സന്ദർശനം
ശ്രീ. കെ. സുധാകരൻ, വനവും സ്പോർട്സും വകുപ്പുമന്ത്രി	ദക്ഷിണാഫ്രിക്ക, യു. എ. ഇ.	ജോഹന്നാസ് ബർഗിൽ നടന്ന 'വേൾഡ് എർത്ത് സമ്മിറ്റി'ൽ സംബന്ധിക്കുന്നതിന്--സ്വകാര്യ സന്ദർശനം

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ പേര്	സന്ദർശിച്ച രാജ്യങ്ങൾ	സന്ദർശന ഉദ്ദേശ്യം
ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പുമന്ത്രി	അമേരിക്ക, ജർമ്മനി, ലണ്ടൻ, ഓസ്ട്രേലിയ, സ്വീഡൻ, യു. എ. ഇ.	എയ്ഡ്സ് ഇൻ ഏഷ്യാ ആന്റ് പെസഫിക് ആറാമത് അന്താരാഷ്ട്ര കോൺഫറൻസിൽ പങ്കെടുക്കാൻ ഓസ്ട്രേലിയയിലും സ്വീഡനിൽ കരോലിൻസ്ക ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് പരിശീലന പരിപാടി നടപ്പിലാക്കുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും യു. എ. ഇ. യിൽ പ്രിയദർശിനി കൾച്ചറൽ ഓർഗനൈസേഷൻ സംഘടിപ്പിച്ച ഒരു സെമിനാറിൽ പങ്കെടുക്കുന്നതിനും അമേരിക്കയിൽ സ്വകാര്യാവശ്യത്തിനും ജർമ്മനിയിൽ ആയുർവേദ അക്കാഡമി സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുക്കുന്നതിനുമാണ് യാത്ര നടത്തിയത്.
ശ്രീ. നാലകത്തു സൂപ്പി, വിദ്യാഭ്യാസ വകുപ്പു മന്ത്രി	യു. എ. ഇ., സൗദി അറേബ്യ, ഖത്തർ, ജർമ്മനി, അമേരിക്ക	സൗദി അറേബ്യയിൽ ഉംറ നിർവ്വഹിക്കുന്നതിനായി രണ്ടു പ്രാവശ്യവും യു. എ. ഇ., ഖത്തർ എന്നിവിടങ്ങളിൽ ഓരോ പ്രാവശ്യവും സ്വകാര്യ യാത്രകൾ നടത്തി. കൂടാതെ ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റുമായി ബന്ധപ്പെട്ട ഡെലിഗേഷൻ അംഗമായി ജർമ്മനിയിൽ ഒരു പ്രാവശ്യവും പൊതു പ്രവേശന പരീക്ഷയ്ക്ക് ഗൾഫിൽ സെന്റർ തുടങ്ങുന്നതു സംബന്ധിച്ച ചർച്ചകൾക്കായി യു. എ. ഇ. യിൽ ഒരു പ്രാവശ്യവും ചികിത്സക്കായി അമേരിക്കയിൽ ഒരു പ്രാവശ്യവും യാത്ര നടത്തി.
ശ്രീ. ജി. കാർത്തികേയൻ, ഭക്ഷ്യ, സാംസ്കാരിക, ദേവസ്വം വകുപ്പുമന്ത്രി	ജർമ്മനി	ഹെർമൻ ഹെസ്സയുടെ 100-ാം ജൻമവാർഷിക ചടങ്ങിൽ പങ്കെടുക്കുന്നതിന് വേണ്ടി യാത്ര നടത്തി.
ശ്രീ. ബാബു ദിവാകരൻ, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി	ജനീവ	അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് ഭാരത് സർക്കാർ ഡെലിഗേഷൻ അംഗമായി.

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയുടെ പേര്	സന്ദർശിച്ച രാജ്യങ്ങൾ	സന്ദർശന ഉദ്ദേശ്യം
ശ്രീ. കടവൂർ ശിവദാസൻ, വൈദ്യുതി വകുപ്പുമന്ത്രി	വിവരം ശേഖരിച്ചു വരുന്നു.	വിവരം ശേഖരിച്ചു വരുന്നു.
ശ്രീ. ചെർക്കളം അബ്ദുള്ള, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി	സൗദി അറേബ്യ, യു. എ. ഇ., ഖത്തർ, സിങ്കപ്പൂർ, ഇംഗ്ലണ്ട്	സൗദി അറേബ്യയിലേയ്ക്കുള്ള യാത്ര, കേന്ദ്ര സർക്കാരിന്റെ ഹജ്ജ് പ്രതിനിധിയായിട്ടായിരുന്നു. ബാക്കി എല്ലാം സ്വകാര്യ യാത്രകൾ ആയിരുന്നു.
ഡോ. എം. കെ. മുനീർ, പൊതുമരാമത്തു വകുപ്പു മന്ത്രി	ഖത്തർ, കുവൈറ്റ്, യു. എ. ഇ., സൗദി അറേബ്യ	സ്വകാര്യ സന്ദർശനങ്ങൾ
ശ്രീ. എം. എം. ഹസ്സൻ, ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി	അമേരിക്ക, ജർമ്മനി, യു. എ. ഇ., ഒമാൻ, ഖത്തർ, ഇംഗ്ലണ്ട്	ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന്റെ മുന്നോടിയായി റോഡ് ഷോയും സെമിനാറും സംഘടിപ്പിക്കുവാൻ അമേരിക്കയിലും ഗ്ലോബൽ NRK മീറ്റിലും, സമ്മേളനം 2002-ലും പങ്കെടുക്കുവാൻ ജർമ്മനിയിലും, പ്രവാസി സുരക്ഷാ പദ്ധതിയുടെ പ്രചരണാർത്ഥവും പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ ആരായുവാനും യു. എ. ഇ./ഒമാൻ/ഖത്തർ എന്നീ രാജ്യങ്ങളും ഗ്ലോബൽ കേരള ഫെസ്റ്റിവലിൽ പങ്കെടുക്കുന്നതിന് ഇംഗ്ലണ്ടും സന്ദർശിച്ചിട്ടുണ്ട്.
ശ്രീ. കെ. വി. തോമസ്, ഫിഷറീസും ടൂറിസവും വകുപ്പുമന്ത്രി	യു. കെ., ജർമ്മനി, സിങ്കപ്പൂർ, ദുബായ്, മസ്കറ്റ്, യു. എ. ഇ., ബഹറിൻ, ശ്രീലങ്ക, ഇറ്റലി, സ്പെയിൻ	വിവിധ രാജ്യങ്ങളിൽ നടന്ന അന്താരാഷ്ട്ര വിനോദ സഞ്ചാര മേളകളിലും റോഡ് ഷോകളിലും പങ്കെടുക്കാനാണ് വിദേശ യാത്ര നടത്തിയത്.
ശ്രീമതി കെ. ആർ. ഗൗരി അമ്മ, കൃഷിയും കയറും വകുപ്പുമന്ത്രി	ഒമാൻ, യു. എ. ഇ.	അനൗദ്യോഗിക സന്ദർശനം
ശ്രീ. കെ. ബി. ഗണേഷ് കുമാർ, മുൻ ഗതാഗത വകുപ്പുമന്ത്രി	ദുബായ്	സ്വകാര്യ സന്ദർശനം
ശ്രീ. കെ. എം. മാണി, റവന്യൂവും നിയമവും വകുപ്പുമന്ത്രി	ചൈന, മലേഷ്യ, സിംഗപ്പൂർ	ഔദ്യോഗിക സന്ദർശനം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V (ബി)

31-8-2004-നുശേഷം വിദേശപര്യടനം നടത്തിയ മന്ത്രിമാർ

1. ശ്രീ. കെ. സി. വേണുഗോപാൽ (ടൂറിസം, ദേവസ്വം)
2. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായം, സാമൂഹ്യക്ഷേമം)
3. ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ (വിദ്യാഭ്യാസം)
4. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ (ഫിഷറീസ്, സ്പോർട്സ്)
5. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ജലസേചനം, പാർലമെന്ററികാര്യം)
6. ശ്രീ. ആര്യാടൻ മുഹമ്മദ് (വിദ്യുച്ഛക്തി)
7. ശ്രീ. കെ. എം. മാണി (റവന്യൂ, നിയമം)
8. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി (തദ്ദേശ സ്വയംഭരണം)

അനുബന്ധം VI

[1-12-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (7) ദയവായി കാണുക]

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ആഗസ്റ്റ് 31-വരെ സംസ്ഥാന മന്ത്രിസഭയിലെ ഓരോ അംഗവും ടെലിഫോൺ ചാർജ്ജിനത്തിൽ ചെലവഴിച്ചിട്ടുള്ള തുക

ക്രമ നമ്പർ	*മന്ത്രിമാർ*	*ടെലിഫോൺ ചാർജ് (ഓഫീസ്, വസതി, മണ്ഡലം, മൊബൈൽ)*
1	ശ്രീ. എ. കെ. ആന്റണി, മുഖ്യമന്ത്രി	15,32,561
2	ശ്രീ. നാലകത്ത് സൂപ്പി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി	20,46,950
3	ശ്രീ. എം. വി. രാഘവൻ, സഹകരണവും തുറമുഖവും വകുപ്പ് മന്ത്രി	13,26,964
4	ശ്രീ. കെ. സുധാകരൻ, വനം വകുപ്പ് മന്ത്രി	16,37,489
5	ശ്രീ. കെ. ശങ്കരനാരായണൻ, ധനകാര്യ വകുപ്പ് മന്ത്രി	10,85,168
6	ശ്രീമതി കെ. ആർ. ഗൗരിയമ്മ, കൃഷിയും കയറും വകുപ്പ് മന്ത്രി	5,34,938